# പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5629** **24.05.2017-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ രോഗികൾ

ചോദ്യം
ശ്രീ.എൻ .എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെ എൻഡോസൾഫാൻ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ ജി.എച്ച്.എസ്.എസ് ചീമേനി, ഹോളി ഫാമിലി എച്ച്.എസ്.എസ് രാജപുരം, ജി.എച്ച്.എസ്.എസ് പെർഡാല, ബി.എ.ആർ.എച്ച്.എസ്. ബോവിക്കാനം, ജി.എച്ച്.എസ്.എസ്. പെരിയ എന്നീ സ്ഥലങ്ങളിൽ എൻഡോസൾഫാൻ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | ഓരോ ക്യാമ്പിലും രജിസ്ട്രേഷൻ നടത്തിയവരുടെ എണ്ണവും പരിശോധനയിലൂടെ രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ എണ്ണവും വ്യക്തമാക്കാമോ: | ബി) & സി) | ഓരോ ക്യാമ്പിലും രജിസ്ട്രേഷൻ നടത്തിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു. |
| സി) | രോഗം സ്ഥിരീകരിക്കപ്പെട്ടവർക്ക് എന്തു സഹായം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? | | |

| ക്രമ നം | ക്യാമ്പ് നടന്ന സ്ഥലം | രജിസ്ട്രേഷൻ നടത്തിയവരുടെ എണ്ണം |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ് ചീമേനി | 586 |
| 2 | ഹോളി ഫാമിലി എച്ച്.എസ്.എസ് രാജപുരം | 617 |
| 3 | ജി.എച്ച്.എസ്.എസ് പെർഡാല, | 817 |
| 4 | ബി.എ.ആർ.എച്ച്.എസ്. ബോവിക്കാനം | 637 |
| 5 | ജി.എച്ച്.എസ്.എസ്. പെരിയ | 1230 |

മെഡിക്കൽ ക്യാമ്പിൽ നിന്നുള്ള പരിശോധന റിപ്പോർട്ടിന്റെയും തുടർന്നുള്ള ഫീൽഡ് തല അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് എൻഡോസൾഫാൻ ദുരിതബാധിതരായി സ്ഥിരീകരിക്കുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തുന്നവർക്ക് എൻഡോസൾഫാൻ പാക്കേജ് അനുസരിച്ചുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ